പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1795 — 18.06.2012 - ൽ മറുപടിക്ക്

**മോട്ടോർ വാഹനത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ കൃത്രിമം സംബന്ധിച്ച കേസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) മോട്ടോർ വാഹനത്തൊഴിലാളി ക്ഷേമ നിധി ബോർഡിൽ അടയ്ക്കേണ്ട തുക യിൽ കൃത്രിമം കാട്ടുന്നതു സംബന്ധിച്ച് കോഴിക്കോട് നടക്കാവ് പോലീസ് സ്റ്റേഷനിൽ ക്ഷേമനിധി ബോർഡ് ജില്ലാ ഓഫീസർ പരാതി നൽകിയിട്ടുണ്ടോ; | (എ) പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ എന്നാണ് പരാതി നൽകിയ തെന്നും എന്തെല്ലാം നടപടികളാണ് പരാതിയിന്മേൽ സ്വീകരിച്ചതെന്നും വിശദ മാക്കുമോ ? | (ബി) 01.03.2012 -ൽ ആണ് പരാതി ലഭിച്ചത്. ഇതു സംബന്ധിച്ച് നടക്കാവ് പോലീസ് സ്റ്റേഷനിൽ മോട്ടോർ വാഹന തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കോഴിക്കോട് ജില്ലാ ഓഫീസർ സമർപ്പിച്ച പരാതി പ്രകാരം Crime No. 152/12 u/s 420, 468, 471 IPC ആയി കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് നാളിതുവരെയുള്ള അന്വേഷണത്തിൽ 17 സാക്ഷികളെ ചോദ്യം ചെയ്തിട്ടുണ്ട്. പ്രതിയെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല. അന്വേഷണം തുടരുന്നു. |

സെക്ഷൻ ഓഫീസർ